REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-04-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് മികച്ച പോളിങ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് 78.27 ശതമാനമാണ് പോളിംഗ്.
- കേരളത്തിനൊപ്പം വോട്ടെടുപ്പ് നടത്തിയ അസമിൽ 85.91 ശതമാനവും, പുതുച്ചേരിയിൽ 89.87 ശതമാനവും പോളിംഗ് രേഖപ്പെടുത്തി.
- ഇറാൻ സംഘർഷവുമായി ബന്ധപ്പെട്ട വെടിനിർത്തൽ കരാറിന്റെ ഫലപ്രാപ്തിയിൽ US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ആശങ്ക പ്രകടിപ്പിച്ചു.
- IPL ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയന്റ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു.
- ഇന്ന് ലോക ഹോമിയോപ്പതി ദിനം.

## വാർത്തകൾ വിശദമായി

നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് മികച്ച പോളിങ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് 78.27 ശതമാനം പേരാണ് വോട്ട് രേഖപ്പെടുത്തിയത്. സർവീസ് വോട്ടുകളുടെയും തപാൽവോട്ടുകളുടെയും എണ്ണം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. പല ജില്ലകളിലും ആറുമണിക്ക് ശേഷം ക്യൂവിലുണ്ടായിരുന്നവർക്കായി രാത്രി വൈകിയും വോട്ടെടുപ്പ് തുടർന്നു. അവസാന കണക്കുകൾ ലഭ്യമാകുന്നതോടെ പോളിംഗ് ശതമാനം ഉയരും.

ഡെസ്ക് റിപ്പോർട്ട്.

.....(വോയ്സ്)......

കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് മികച്ച പോളിങ് ശതമാനമാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയത്. ജില്ലകളിൽ കോഴിക്കോടാണ് പോളിങ് ശതമാനത്തിൽ മുന്നിൽ - 81.36 ശതമാനം. പത്തനംതിട്ടയിലാണ് കുറഞ്ഞ പോളിംഗ് - 70.76 ശതമാനം.

കാസർകോട് 79.11 ശതമാനം പേർ വോട്ടുചെയ്തു. കണ്ണൂരിൽ 78.6-ഉം വയനാട്ടിൽ 78.81-ഉം ആണ് പോളിംഗ് ശതമാനം. മലപ്പുറത്ത് 79.82 ശതമാനവും, തൃശൂരിൽ 77.11 ശതമാനവും പോളിംഗ് ഉണ്ടായി. പാലക്കാട് 80.56 ശതമാനം പേർ വോട്ടു ചെയ്തപ്പോൾ, എറണാകുളത്ത് 79.89 ശതമാനമാണ് പോളിങ് ബൂത്തിലെത്തിയത്.

ഇടുക്കിയിൽ 77.15 ശതമാനവും ആലപ്പുഴയിൽ 77.39 ശതമാനവും കോട്ടയത്ത് 74.77 ശതമാനവും പോളിങ് രേഖപ്പെടുത്തി. കൊല്ലത്ത് 76.29 ശതമാനമാണ് വോട്ടിങ്. തലസ്ഥാനത്ത് 77.04 ശതമാനം പേർ വോട്ടു രേഖപ്പെടുത്തി.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പൂർത്തിയായതോടെ ജനവിധിയറിയാൻ 24 ദിവസത്തെ കാത്തിരിപ്പിലാണ് കേരളം. ഭരണമാറ്റമോ ഭരണത്തുടർച്ചയോ എന്നറിയാൻ ഈ സമയവും കടന്നുപോയേ പറ്റൂ. ഈ മാസം അവസാനവാരം തമിഴ്നാട്ടിലെയും പശ്ചിമബംഗാളിലെയും വോട്ടെടുപ്പ് പൂർത്തിയായ ശേഷം മെയ് നാലിനാണ് വോട്ടെണ്ണൽ.

വോട്ടിങ് ശതമാനത്തിലെ വർധന ഗുണംചെയ്യുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാനത്തെ മൂന്ന് മുന്നണികളും. മറ്റ് സംസ്ഥാനങ്ങളിൽ വോട്ടെടുപ്പ് നടക്കാനിരിക്കുന്ന സാഹചര്യത്തിൽ എക്സിറ്റ് പോളുകൾക്ക് ഈ മാസം 29 വരെ വിലക്കുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ വോട്ടിങ് ശതമാനമടക്കം വിലയിരുത്തി രാഷ്ട്രീയ പ്രവണത വിശകലനം ചെയ്യാനൊരുങ്ങുകയാണ് രാഷ്ട്രീയ പാർട്ടികൾ.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ മികച്ച പോളിങ് രേഖപ്പെടുത്തിയതോടെ ഭരണത്തുടർച്ച ലഭിക്കുമെന്ന പ്രതീക്ഷയാണ് LDF പങ്കുവെയ്ക്കുന്നത്. ജയസാധ്യത വിലയിരുത്താൻ CPIM സംസ്ഥാന സെക്രട്ടേറിയറ്റ് മറ്റന്നാൾ ചേരും.

**80-ലേറെ സീറ്റുകളിലെ വിജയസാധ്യതയാണ് UDF വിലയിരുത്തുന്നത്. UDF തരംഗമുണ്ടായാൽ ഇത് നൂറ് സീറ്റുകൾ കടന്നേക്കാമെന്നും മുന്നണി വിലയിരുത്തുന്നു.**

**വിവാദങ്ങൾ വിലപ്പോകില്ലെന്നും ഉയർന്ന പോളിങ് മികച്ച നേട്ടമുണ്ടാക്കുമെന്നുമാണ് NDA കരുതുന്നത്.**

**സംസ്ഥാനത്ത് തൂക്ക് നിയമ സഭ ഉണ്ടാകുമെന്നും BJP നിർണായക ശക്തിയാകുമെന്നും പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഇന്നലെ അഭിപ്രായപ്പെട്ടിരുന്നു.**

✪✪✪

**സംസ്ഥാനത്ത് സമാധാനപരമായി സമ്മതിദാനാവകാശം വിനിയോഗിച്ച് ജനാധിപത്യ പ്രക്രിയയിൽ പങ്കുചേർന്ന മുഴുവൻ വോട്ടർമാർക്കും മുഖ്യമന്ത്രി പിണറായി വിജയൻ നന്ദിയും അഭിവാദ്യങ്ങളും അറിയിച്ചു. ചുരുങ്ങിയ പ്രചാരണ സമയത്ത്, കടുത്ത വേനൽച്ചൂടിനെ അവഗണിച്ച് അക്ഷീണം പ്രവർത്തിച്ച രാഷ്ട്രീയ പ്രവർത്തകരുടെ ആവേശം എടുത്തുപറയേണ്ടതാണെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഉയർന്ന പോളിംഗ് ശതമാനം കേരളത്തിന്റെ ജനാധിപത്യ ബോധത്തിന്റെയും, പ്രതിബദ്ധതയുടെയും നേർക്കാഴ്ചയാണെന്ന് മുഖ്യമന്ത്രി വിലയിരുത്തി.**

✪✪✪

**തൃശൂർ കൂർക്കഞ്ചേരിയിൽ വോട്ട് ചെയ്യാൻ കൈക്കുഞ്ഞുമായെത്തിയ യുവതിയെ മണിക്കൂറുകളോളം തടഞ്ഞുവച്ച പ്രിസൈഡിങ്ങ് ഓഫീസറുടെ നടപടിയിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ജില്ലാ കളക്ടറോട് കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടു.**

**തൃശൂർ കണ്ണങ്കുളങ്ങര സ്വദേശി അക്ഷയയ്ക്കാണ് നാലര മണിക്കൂറോളം നീണ്ട കാത്തിരിപ്പിനൊടുവിൽ സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഇടപെടലിനെ തുടർന്നാണ് വോട്ട് ചെയ്യാൻ പ്രിസൈഡിംഗ് ഓഫീസർ അനുമതി നൽകിയത്. ഇടതുകയ്യിലെ ചൂണ്ടുവിരലിൽ മുറിവായതുകൊണ്ട് മഷി പതിപ്പിക്കാനാകില്ല എന്ന കാരണമുന്നയിച്ചാണ് യുവതിയ്ക്ക് വോട്ടു ചെയ്യാൻ അവസരം നൽകാതിരുന്നത്.**

✪✪✪

തെരഞ്ഞെടുപ്പിനിടെ കണ്ണൂർ ജില്ലയിലെ ചിലയിടങ്ങളിൽ സംഘർഷം ഉണ്ടായി. മുഴക്കുന്നിൽ UDF വനിതാ ബൂത്ത് ഏജന്റിന്റെ ശരീരത്തിൽ നായ്ക്കുരണപ്പൊടി വിതറി.

മലപ്പട്ടത്ത് രണ്ട് കോൺഗ്രസ് പ്രവർത്തകർക്ക് മർദ്ദനമേറ്റു.

മുല്ലക്കൊടിയിൽ വോട്ടിംഗ് കഴിഞ്ഞ് മടങ്ങിയ LDF ബൂത്ത് ഏജന്റിന് നേരെ അക്രമമുണ്ടായി.

✪✪✪

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭ പൊതുതിരഞ്ഞെടുപ്പുകളുടെയും മൂന്ന് സംസ്ഥാനങ്ങളിലെ, നാല് നിയമസഭ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പുകളുടെയും വോട്ടെടുപ്പ്, പൊതുവെ സമാധാനപരമായിരുന്നുവെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അസമിലും പുതുച്ചേരിയിലുമാണ് ഉയർന്ന പോളിങ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........(വോയ്സ്)............

അസമിൽ 85.91 ശതമാനമാണ് പോളിങ്. അവിടുത്തെ അവസാന നാല് നിയമസഭ തിരഞ്ഞെടുപ്പുകളിലെ ഏറ്റവും ഉയർന്ന പോളിങ് ശതമാനമാണിത്.

പുതുച്ചേരിയിൽ 89.87 ശതമാനം പേർ വോട്ട് ചെയ്തു. 1964-ലെ ആദ്യ തിരഞ്ഞെടുപ്പ് മുതൽ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന വോട്ടിങ് ശതമാനമാണിത്. സർവീസ് വോട്ടുകളും തപാൽ വോട്ടുകളും ചേർക്കുന്നതോടെ ഇത് 91 ശതമാനം കടക്കുമെന്നാണ് വിലയിരുത്തൽ.

അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ ആദ്യമായി മുഴുവൻ പോളിങ് സ്റ്റേഷനിലും തത്സമയ-വെബ്കാസ്റ്റിങ് ഏർപ്പെടുത്തിയ വോട്ടെടുപ്പായിരുന്നു ഇത്. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിയുടെ ഭാഗമായി 22 രാജ്യങ്ങളിലെ 38 പ്രതിനിധികൾ വോട്ടെടുപ്പ് നടപടികൾ വീക്ഷിച്ചുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

EVM ബാലറ്റ് പേപ്പറുകളിൽ സ്ഥാനാർത്ഥികളുടെ എളുപ്പം തിരിച്ചറിയാനാവുന്ന കളർ ചിത്രങ്ങൾ, മൊബൈൽ സൂക്ഷിപ്പ് സൗകര്യം, എളുപ്പത്തിൽ വായിക്കാനാവുന്ന വിധം പുതുതായി

രൂപകൽപ്പന ചെയ്ത വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ, ഓരോ പോളിങ് സ്റ്റേഷനിലും 1,200 വോട്ടർമാരുടെ പരിധി എന്നിങ്ങനെ നിരവധി പുതിയ വോട്ടർ സൗഹൃദ സംരംഭങ്ങൾ ഈ തിരഞ്ഞെടുപ്പിൽ ഉറപ്പാക്കിയിരുന്നു.

✪✪✪

അസമിൽ 85.91 ശതമാനമാണ് പോളിങ്. അവിടുത്തെ അവസാന നാല് നിയമസഭ തിരഞ്ഞെടുപ്പുകളിലെ ഏറ്റവും ഉയർന്ന പോളിങ് ശതമാനമാണിത്.

പുതുച്ചേരിയിൽ 89.87 ശതമാനം പേർ വോട്ട് ചെയ്തു. 1964-ലെ ആദ്യ തിരഞ്ഞെടുപ്പ് മുതൽ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന വോട്ടിങ് ശതമാനമാണിത്. സർവീസ് വോട്ടുകളും തപാൽ വോട്ടുകളും ചേർക്കുന്നതോടെ ഇത് 91 ശതമാനം കടക്കുമെന്നാണ് വിലയിരുത്തൽ.

അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ ആദ്യമായി മുഴുവൻ പോളിങ് സ്റ്റേഷനിലും തത്സമയ-വെബ്കാസ്റ്റിങ് ഏർപ്പെടുത്തിയ വോട്ടെടുപ്പായിരുന്നു ഇത്. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിയുടെ ഭാഗമായി 22 രാജ്യങ്ങളിലെ 38 പ്രതിനിധികൾ വോട്ടെടുപ്പ് നടപടികൾ വീക്ഷിച്ചുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

EVM ബാലറ്റ് പേപ്പറുകളിൽ സ്ഥാനാർത്ഥികളുടെ എളുപ്പം തിരിച്ചറിയാനാവുന്ന കളർ ചിത്രങ്ങൾ, മൊബൈൽ സൂക്ഷിപ്പ് സൗകര്യം, എളുപ്പത്തിൽ വായിക്കാനാവുന്ന വിധം പുതുതായി രൂപകൽപ്പന ചെയ്ത വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ, ഓരോ പോളിങ് സ്റ്റേഷനിലും 1,200 വോട്ടർമാരുടെ പരിധി എന്നിങ്ങനെ നിരവധി പുതിയ വോട്ടർ സൗഹൃദ സംരംഭങ്ങൾ ഈ തിരഞ്ഞെടുപ്പിൽ ഉറപ്പാക്കിയിരുന്നു.

✪✪✪

അംബേദ്കർ ജയന്തി പ്രമാണിച്ച് കേന്ദ്രഗവണ്മെന്റ് സ്ഥാപനങ്ങൾക്കും, ഓഫീസുകൾക്കും ഈ മാസം 14 ന് അവധി അനുവദിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് കേന്ദ്ര പേഴ്സണൽ മന്ത്രാലയം പുറത്തിറക്കി.

✪✪✪

ഇറാൻ സംഘർഷവുമായി ബന്ധപ്പെട്ട വെടിനിർത്തൽ കരാറിന്റെ ഫലപ്രാപ്തിയിൽ US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ആശങ്ക പ്രകടിപ്പിച്ചു. ഹോർമൂസ് കടലിടുക്കിലൂടെ കപ്പലുകളുടെയും,

പെട്രോളിയം ടാങ്കറുകളുടെയും ഗതാഗതം ഉറപ്പാക്കുമെന്ന വ്യവസ്ഥയിൽ നിന്ന് ഇറാൻ പിന്നോട്ടു പോകുകയാണെന്ന് സാമൂഹ്യമാധ്യമ കുറിപ്പിൽ ട്രംപ് കുറ്റപ്പെടുത്തി. എണ്ണടാങ്കറുകളിൽ നിന്ന് ഇറാൻ കടത്തുകൂലി ഈടാക്കുന്നുവെന്ന റിപ്പോർട്ടുകളിലും അദ്ദേഹം മുന്നറിയിപ്പു നൽകി.

സംഘർഷത്തിനിടെ ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, ലെബനനുമായി നേരിട്ട് ചർച്ച നടത്താൻ സന്നദ്ധത അറിയിച്ചു. ഇറാൻ പിന്തുണയ്ക്കുന്ന ഹിസ്ബുള്ളയെ നിരായുധരാക്കുകയാണ് ചർച്ചയുടെ ലക്ഷ്യം. എന്നാൽ ഹിസ്ബുള്ളയ്ക്കെതിരെ വെടിനിർത്തൽ പ്രഖ്യാപിക്കില്ലെന്ന് നെതന്യാഹു വ്യക്തമാക്കി. അടുത്തയാഴ്ച വാഷിംഗ്ടണിലായിരിക്കും ഇസ്രയേൽ - ലെബനൻ ചർച്ച.

✪✪✪

ഓർത്തഡോക്സ് ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ ഉക്രൈനുമായി 32 മണിക്കൂർ വെടിനിർത്തൽ പ്രഖ്യാപിച്ചു. ഉക്രൈൻ പ്രസിഡണ്ട് വൊളോഡിമിർ സെലൻസ്കി ഈ ദിനത്തിൽ ഏറ്റുമുട്ടൽ നിർത്തിവെക്കണമെന്ന ആവശ്യം മുന്നോട്ടുവെച്ചിരുന്നു.

✪✪✪

IPL ക്രിക്കറ്റിൽ അവസാന പന്ത് വരെ നീണ്ട ആവേശത്തിനൊടുവിൽ ലക്നൗ സൂപ്പർ ജയന്റ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. കൊൽക്കത്ത ഈഡൻ ഗാർഡൻസിലായിരുന്നു മത്സരം.

ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ഗോഹട്ടിയിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോവ, ഒഡീഷയെ നേരിടും. വൈകിട്ട് 7-30 ന് ഗോവയിലാണ് മത്സരം.

ഇന്നലെ ജംഷഡ്പൂരിൽ, ജംഷഡ്പൂർ FC യും, മുംബൈ സിറ്റി FC യും സമനിലയിൽ പിരിഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ മസ്തിഷ്കമരണം സംഭവിച്ച ജയി ജയകുമാറിന്റെ ഹൃദയവും, വൃക്കകളും, കരളും, നേത്രപടലവും ഇനി അഞ്ച് പേരുടെ ജീവിതത്തിന് പുതുവെളിച്ചം നൽകും. എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന 14 കാരിയ്ക്കാണ് ഹൃദയം ദാനം ചെയ്തത്. തിരുവനന്തപുരത്ത് നിന്ന് ആഭ്യന്തര വകുപ്പിന്റെ ഹെലികോപ്ടറിലാണ് ഹൃദയം കൊച്ചിയിലെത്തിച്ചത്. ഒരു വൃക്ക വൈകിട്ട് വന്ദേഭാരത് എക്സ്പ്രസിൽ കോഴിക്കോട്ടെത്തിച്ച് മെഡിക്കൽ കോളജിലെ രോഗിയിൽ മാറ്റിവെച്ചു. ഒരു വൃക്കയും കരളും തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ രണ്ട് രോഗികൾക്കാണ് പുതുജീവൻ നൽകിയത്. നേത്രപടലങ്ങൾ തിരുവനന്തപുരം റീജിയണൽ ഓഫ്താൽമോളജിയിലെ രോഗികൾക്കാണ് നൽകുന്നത്.

കഴക്കൂട്ടം ടെക്നോപാർക്ക് ജീവനക്കാരിയായിരുന്ന ജയിയുടെ മസ്തിഷ്കമരണം ഈ മാസം നാലിനാണ് സ്ഥിരീകരിച്ചത്. തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാകുകയായിരുന്നു.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് കാര പുതിയേടത്ത് മടപ്പുര മുത്തപ്പൻ ക്ഷേത്രോത്സവത്തിലെ പ്രസാദ സദ്യയിൽ നിന്ന് ഉണ്ടായ ഭക്ഷ്യവിഷബാധയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്നയാൾ മരിച്ചു. കാര പേരാവൂരിലെ പൂവത്തും കണ്ടി വിജയനാണ് മരിച്ചത്. 300-ലേറെ പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിരുന്നു.

✪✪✪

മേടം, വിഷുപൂജകൾക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിന് നട തുറക്കും. വിഷു ദിനത്തിൽ പുലർച്ചെ വിഷുക്കണി ദർശനവും വിഷുക്കൈനീട്ടവും ഉണ്ടായിരിക്കും.

✪✪✪

ഇന്ന് ലോക ഹോമിയോപ്പതി ദിനം. ഈ ചികിത്സാരീതിയുടെ ഉപജ്ഞാതാവ് ഡോ. സാമുവൽ ഹനിമാന്റെ ജന്മദിനമാണ് ഹോമിയോദിനമായി ആചരിക്കുന്നത്. ചികിത്സാ സമ്പ്രദായത്തിൽ ഹോമിയോപ്പതിയുടെ സംഭാവനകളും, ഹോളിസ്റ്റിക് ആരോഗ്യ പരിരക്ഷയും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കാനാണ് ദിനാചരണം.

**ആയുഷ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ രണ്ട് ദിവസത്തെ സംവാദ ഫോറം ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.**

✪✪✪

**ലൈംഗികാതിക്രമ കേസിൽ സംവിധായകൻ രഞ്ജിത്തിന്റെ ജാമ്യാപേക്ഷയിൽ ഇന്ന് എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധി പറഞ്ഞേക്കും. നിലവിൽ എറണാകുളം സബ്ജയിലിൽ റിമാന്റിലാണ് രഞ്ജിത്ത്.**

✪✪✪

**ബിഹാർ മുൻ മുഖ്യമന്ത്രി നിതിഷ് കുമാർ ഇന്ന് രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യും. ചടങ്ങിനു ശേഷം ഡൽഹിയിൽ മുതിർന്ന BJP നേതാക്കളുമായി നിതിഷ് കുമാർ കൂടിക്കാഴ്ച നടത്തും.**

✪✪✪

**ദേശീയ പട്ടികവർഗ ധനകാര്യ വികസന കോർപ്പറേഷന്റെ 25-ാമത് സ്ഥാപക ദിനം ഇന്ന് ന്യൂഡൽഹിയിൽ ആഘോഷിക്കും. കേന്ദ്ര മന്ത്രി ജുവൽ ഓറം, സഹമന്ത്രി ദുർഗ്ഗ ദാസ് ഉയികെ എന്നിവർ പങ്കെടുക്കും.**

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: ഹബീബ് റഹ്മാൻ, മണികണ്ഠൻ,*
*DEO : ഷീബ*